നം. സി.ഇ.ഇ./1586/2009/റ്റി.എ.1

കേരള സർക്കാർ

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക് വേണ്ടി പ്രത്യേക പ്രവേശന പരീക്ഷ 2009

സൂചന :- സർക്കാർ ഉത്തരവ് നം.(ആർ.റ്റി.)1979/09/ആ.കു.വ. തീയതി, 13.07.2009.

2009 ലെ മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിലും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ പ്രവേശന പരീക്ഷയിൽ മെഡിക്കൽ/ ബി.ഡി.എസ്. കോഴ്സുകളുടെ പ്രവേശനത്തിനുള്ള നിശ്ചിത യോഗ്യത (40% മാർക്ക്) ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക മെഡിക്കൽ പ്രവേശന പരീക്ഷ **2009 ആഗസ്റ്റ് 23-ാം തീയതി** (ഞായറാഴ്ച) **കോഴിക്കോട്, മെഡിക്കൽ കോളേജ് കാമ്പസ് എച്ച്.എസ്.എസ്** - ൽ വച്ച് നടത്തുന്നതാണ്.

MBBS/BDS പ്രവേശനത്തിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പ്ലസ് ടു/തത്തുല്യ പരീക്ഷയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ 40% മാർക്ക് ലഭിച്ചിരിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷയ്ക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ :**

1. പ്രവേശന പരീക്ഷ ഒബ്ജക്ടീവ് രീതിയിൽ ആയിരിക്കും.
2. **പരീക്ഷാ തീയതി** : 2009 ആഗസ്റ്റ് 23 (**23.08.2009**).
3. **പരീക്ഷാ സമയം :** രാവിലെ 10 മണി മുതൽ 12.30 വരെ. വിദ്യാർത്ഥികൾ രാവിലെ കൃത്യം 9.30 ന് തന്നെ പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.
4. പ്രവേശന പരീക്ഷയുടെ ചോദ്യങ്ങൾ ഒരു ചെറു പുസ്തകത്തിന്റെ (Question Booklet) രൂപത്തിൽ ആയിരിക്കും. ഇതിൽ 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും. (ബോട്ടണി, സുവോളജി, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിൽ നിന്നും 25 വീതം ചോദ്യങ്ങൾ) ഓരോ ചോദ്യത്തിനും 4 ഉത്തരങ്ങൾ ഉണ്ടാകും.
5. പ്രത്യേകമായി നൽകുന്ന ഒ.എം.ആർ. ഉത്തരക്കടലാസ്സിൽ (OMR Answer Sheet) വേണം ശരിയുത്തരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഓരോ ചോദ്യത്തിനും തന്നിട്ടുള്ള 4 ഉത്തരങ്ങളിൽ ഏറ്റവും അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്ത് അതിന്റെ നേരെയുള്ള അക്ഷരം (A, B, C or D) ബോൾ പോയിന്റ് പെൻ (നീല/കറുത്ത മഷി) കൊണ്ട് അടയാളപ്പെടുത്തണം. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്.
6. **മാർക്കും നെഗറ്റീവ് മാർക്കും :** ഓരോ ശരിയുത്തരത്തിനും 4 മാർക്ക് വീതം ലഭിയ്ക്കും. തെറ്റായ ഉത്തരത്തിന് മാർക്ക് കുറവുചെയ്യുന്നതല്ല. എന്നാൽ ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ രേഖപ്പെടുത്തിയാൽ ആ ഉത്തരം തെറ്റായ ഉത്തരമായി കണക്കാക്കുന്നതാണ്. എന്നാൽ ഇതിനും മാർക്ക് കുറവുചെയ്യുന്നതല്ല.
7. **പരീക്ഷാ ഫലം:** പ്രവേശന പരീക്ഷാ ഫലം **26.08.2009** വൈകുന്നേരം **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
8. **കേന്ദ്രീകൃത അലോട്ട്മെന്റ് :** പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 40% മാർക്കും യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി കുറഞ്ഞത് 40% മാർക്കും ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ MBBS/BDS കോഴ്സിലേയ്ക്കുള്ള അലോട്ട്മെന്റ് **30.08.2009** രാവിലെ 11.30 മണിക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നടത്തുന്നതാണ്.

തിരുവനന്തപുരം
22.07.2009

**ബി.എസ്. മാവോജി ഐ.എ.എസ്.**
**പ്രവേശന പരീക്ഷാ കമ്മീഷണർ**